സി2/103314/പി.എച്ച്.ക്യൂ/2015
പോലീസ് ആസ്ഥാനം
തിരുവനന്തപുരം
തീയതി. 25/08/2015

## സർക്കുലർ നം.34/2015

വിഷയം: സമൻസ്, വാറണ്ട് കൃത്യമായി നടത്തുന്നതിനെ സംബന്ധിച്ചുളള നിർദ്ദേശങ്ങൾ

സൂചന:
1. സർക്കുലർ നം.8/1958 തീയതി:19.01.1958
2. സർക്കുലർ നം.96/1968 തീയതി:30.04.168
3. സർക്കുലർ നം.39/1970 തീയതി:12.03.1970
4. സർക്കുലർ നം.131/1970 തീയതി:30.09.1970
5. സർക്കുലർ നം.165/1970 തീയതി:23.11.1970
6. സർക്കുലർ നം.28/1984 തീയതി:07.08.1984
7. സർക്കുലർ നം.37/1984 തീയതി:15.10.1984
8. സർക്കുലർ നം.15/1985 തീയതി:19.06.1985
9. സർക്കുലർ നം.10/1986 തീയതി:06.03.1986
10. സർക്കുലർ നം.15/1994 തീയതി:17.06.1994
11. സർക്കുലർ നം.25/2005 തീയതി:25.10.2005
12. സർക്കുലർ നം.27/2009 തീയതി:29.07.2009
13. സർക്കുലർ നം.21/2010 തീയതി:14.04.2010
14. സർക്കുലർ നം.15/2015 തീയതി:01.06.2015

1) കോടതികളിൽ നിന്നും സമൻസും വാറണ്ടുകളും ക്രിമിനൽ കേസ്സുകളിലെ സാക്ഷികൾക്കും പ്രതികൾക്കും നിയമാനുസരണം പുറപ്പെടുവിക്കാറുണ്ട്. ആയത് നടപ്പാക്കാനുള്ള ചുമതല സാധാരണ ഗതിയിൽ പോലീസിൽ നിക്ഷിപ്തമാണ്. എന്നാൽ പലിക്കപ്പെടുന്നതിൽ പലപ്പോഴും വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതികളിൽ ഉള്ള കേസുകൾ കൃത്യമായി നടത്തുന്നതിനും കുറ്റക്കാരായിട്ടുള്ളവർക്കെതിരെ എത്രയും എളുപ്പം വിചാരണ പൂർത്തീകരിക്കുന്നതിനും, ഇപ്രകാരം ലഭിക്കുന്ന സമൻസും വാറണ്ടുകളും കൃത്യമായി നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇല്ലെങ്കിൽ നമ്മുടെ ക്രിമിനൽ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നതും, ആയതിലുപരി കോടതികളുടെ നീതിനിർവ്വഹണത്തോടും പോലീസിനോടും ജനങ്ങൾക്ക് അതൃപ്തി ഉണ്ടാകാൻ ഇടയാകുന്നതും ആണ്. ഇതിൽനിന്നും എല്ലാം സമൻസും വാറണ്ടുകളും കൃത്യമായി നടത്തേണ്ടതിന്റെ പ്രാധാന്യം വ്യക്തമാണ്.

2) എല്ലാ തരത്തിലുള്ള വാറണ്ടുകളും സമൻസുകളും നടത്തുന്നതിനെക്കുറിച്ചും മറ്റും വ്യക്തമായ നിർദ്ദേശങ്ങൾ സി.ആർ.പി.സി ചാപ്റ്റർ ആറിൽ 61 മുതൽ 105 വരെയുള്ള വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിന് ഉപരിയായി സമൻസ്, വാറണ്ട് നടത്തുന്നതിനെ സംബന്ധിച്ചുളള നിർദ്ദേശങ്ങൾ മുകൾ സൂചനകളിൽ

പ്രതിപാദിച്ചിരിക്കുന്ന പോലീസ് സർക്കുലറുകൾ മുഖാന്തിരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എങ്കിലും പലപ്പോഴും ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ആയതിനാൽ എല്ലാ എസ്.എച്ച്.ഒ/ ഇൻസ്പെക്ടർ/ എസ്.ഡി.പി.ഒ/ ഡി.പി.സി കൂടാതെ മറ്റ് മേലുദ്യോഗസ്ഥരും മുകളിൽപറഞ്ഞ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) സാക്ഷികളുടെയും, പ്രതികളുടെയും മേൽവിലാസം രേഖപ്പെടുത്തുമ്പോൾ സർക്കുലർ 27/2009-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കുപരിയായി അവരുടെ ലാൻഡ്‌ലൈൻ, മൊബൈൽഫോൺനമ്പരുകൾ, പാൻകാർഡ്, വോട്ടേഴ്സ് ഐ.ഡികാർഡ്, ആധാർ കാർഡ് മുതലായവയിൽ ലഭ്യമായിട്ടുള്ളവയുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആയത് കേസ്സ് ഡയറിയിൽ (ഫോട്ടോ കോപ്പി) ഉൾപ്പെടുത്തേണ്ടതുമാണ്. സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ അവരുടെ ഔദ്യോഗിക വിലാസം, സ്ഥിരതാമസ വിലാസങ്ങൾക്കും പുറമേ ലാൻഡ്‌ലൈൻ, മൊബൈൽഫോൺനമ്പർ, പെൻമനന്റ് എംപ്ളോയീ നമ്പർ, പാൻകാർഡ്, വോട്ടേഴ്സ് ഐ.ഡികാർഡ്, ആധാർ കാർഡ് മുതലായവയിൽ ലഭ്യമായിട്ടുള്ളവയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഇപ്രകാരം ചെയ്യുകയാണെങ്കിൽ സമൻസ്,വാറണ്ട് വിവരങ്ങൾ ലാൻഡ്‌ഫോൺ, മൊബൈൽഫോൺ മുഖാന്തിരം വിളിച്ചറിയിക്കുവാനും, എസ്.എം.എസ് മുഖേന അറിയിക്കുവാനും സാധിക്കുന്നതാണ്.

4) പോലീസുദ്യോഗസ്ഥർ കോടതിയിൽ ഹാജരാകുന്നതിനെ സംബന്ധിച്ച് സമൻസ് ലഭിക്കുമ്പോൾ പി.എച്ച്.ക്യൂ സർക്കുലർ നം.15/2015 -ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

5) മിക്ക സമൻസ്/വാറണ്ടുകളിലും എൻഡോഴ്സ്മെന്റ് എഴുതി എസ്.എച്ച്.ഒ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അംഗീകാരം കൊടുക്കാതെ പ്രോസസ്സ് നടത്തുന്ന ആൾക്കാരെ ഏൽപ്പിക്കുന്ന പ്രവണത കാണപ്പെടുന്നുണ്ട്. കൂടാതെ പ്രോസസ്സ് നടത്തുന്ന ആൾക്കാർ ബന്ധപ്പെട്ട രജിസ്റ്ററിൽ പ്രോസസ്സ് കൈപ്പറ്റിയതിന് ഒപ്പിടുന്നതായി കാണുന്നില്ല. ഇത് ഒരു ഗുരുതരമായ വീഴ്ചയാണ്. പ്രോസസ്സ് നടത്തുന്ന ഉദ്യോഗസ്ഥർ പ്രോസസ്സ് രജിസ്റ്ററിൽ അവരുടെ ഒപ്പ് പതിച്ച് മാത്രമേ പ്രോസസ്സുകൾ കൈപ്പറ്റുവാൻ പാടുള്ളു. ഇല്ലെങ്കിൽ അത് പ്രോസസ്സ് നടത്തുവാൻ കൈപ്പറ്റുന്നവരുടെ വീഴ്ചയായി കാണുന്നതാണ്. പ്രോസസ്സുകളിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പില്ലെങ്കിൽ ആയത് പരിശോധിച്ച് ഒപ്പിട്ട് വാങ്ങിക്കേണ്ട ഉത്തരവാദിത്തം പ്രോസസ്സ്നടത്തിപ്പ്കാരന്റേയും, ആയത് നിയോഗിക്കുവാൻ നിർദ്ദേശിച്ച ഉദ്യോഗസ്ഥന്റേയും വീഴ്ചയായി കണക്കാക്കപ്പെടുന്നതാണ്. എസ്.എച്ച്.ഒ മാരും അവരുടെ മേലുദ്യോഗസ്ഥരും (ഇൻസ്പെക്ടർ/ എസ്.ഡി.പി.ഒ/ ഡി.പി.സി.) മുതലായവർ ഈ നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) പലപ്പോഴും ചില വാറണ്ടുകൾ നടത്തുന്ന സമയത്ത്, ആയതിന് മുൻപ് വാറണ്ടിക്കെതിരെയായി സമൻസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് ടിയാനെ അറിയിക്കുകയോ നടത്തുകയോ ചെയ്തിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ സമൻസ് നടത്താതെ ഇപ്രകാരം വാറണ്ടുകൾ ആക്കുന്നത് ദുരുദ്ദേശ്യത്തോടെയോ, സാമ്പത്തികലാഭത്തിനോ ആണെന്ന സംശയവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ വീഴ്ചയായിട്ട് കണക്കാക്കുന്നതും ആയതിന് ഉത്തരവാദി ആയവരുടെ മേൽ മേലുദ്യോഗസ്ഥർ കർക്കശമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7) പോലീസ് സ്റ്റേഷനുകളിൽ പരിശോധനയ്ക്ക് എത്തുന്ന പോലീസ് ഉദ്യോഗസ്ഥരും (എസ്.പി./ എസ്.ഡി.പി.ഒ/ ഡി.പി.സി) സമൻസ്, വാറണ്ട് നുത്തുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടോ എന്ന് IR/VR കളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ടെസ്റ്റ് ചെക്കുകൾ മറ്റുദ്യോഗസ്ഥർ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അവരുടെ ടെസ്റ്റ് ചെക്ക് വിവരങ്ങൾ IR/VR കളിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇൻസ്പെക്ഷൻ വിസിറ്റുകളെ സംബന്ധിച്ച പി.എച്ച്.ക്യൂ സർക്കുലർ നം.5/2005 ലെ appendix II ഐറ്റം 43, 44, 45 appendix III ൽ ഐറ്റം 41,42,43 appendix IV ൽ ഐറ്റം 23,24,25 ലേയ്ക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

8) ക്രൈം കേസ്സുകളിൽ പോലീസിന്റെ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിക്കുന്നതും ആയതിന്റെ വിജയകരമായ പ്രോസിക്യൂഷനുമാണ് പോലീസിന്റെ പ്രധാന കർത്തവ്യങ്ങളിൽ ഒന്ന്. ആയതിനാൽ ഇതിലേയും മുൻ സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ വ്യക്തമായി പാലിക്കേണ്ടതാണ്.

ടി.പി.സെൻകുമാർ ഐ.പി.എസ്സ്
സംസ്ഥാന പോലീസ് മേധാവി

25-8-2015

സ്വീകർത്താവ്; എല്ലാ ലിസ്റ്റ് ബി ഓഫീസർമാർക്കും അറിവിലേയ്ക്കും
അനന്തര നടപടികൾക്കുമായി

പകർപ്പ്; സർക്കുലർ രജിസ്റ്റർ/ ജെ.എസ്. സി ബ്രാഞ്ച്